(ബി) എങ്കിൽ ഈ പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) അതിനുവേണ്ടി എത്തെല്ലാം പരിപാടികൾക്കാണ് രൂപം കൊടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാരംഭമായി വലിയപറമ്പയിലും, ചന്ദ്രഗിരിയിലുമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

(സി) വലിയപറമ്പയിൽ ബേക്കൽ റിസോർട്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഹൗസ്ബോട്ട് പ്രവർത്തിക്കുന്നു. ചന്ദ്രഗിരിയിൽ സ്വകാര്യമേഖലയിലും ബോട്ടിംഗ് നടക്കുന്നു. ഇവിടെ മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ ഉദ്ദേശമുണ്ട്. ബാക്ക് വാട്ടർ വികസനത്തിനായി തയ്യാറാക്കി വരുന്ന മാസ്റ്റർ പ്ലാനിൽ ഈ സ്ഥലങ്ങളുടെ വികസനസാധ്യതയും പരിഗണിക്കുന്നതാണ്.

കണ്ണൂർ മുഴപ്പിലങ്ങാട് ഡ്രൈവ്-ഇൻ-ബീച്ച് വികസന പദ്ധതി

21 [1799] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഡ്രൈവ്-ഇൻ-ബീച്ച് വികസന പദ്ധതിയുടെ വിപുലീകരണ നടപടികൾ ഏതുഘട്ടം വരെയായി എന്ന് വിശദമാക്കാമോ;

(ബി) ബീച്ചിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ബീച്ചിൽ ആവശ്യമായ വൈദ്യുതി ഇല്ലാത്തതുകാരണം സാമൂഹ്യ വിരുദ്ധശല്യം വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ബീച്ചിന്റെ എല്ലാ ഭാഗത്തും വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സാമൂഹ്യ വിരുദ്ധ ശല്യം ഒഴിവാക്കാൻ പ്രത്യേക പോലീസ് സേനയെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണ്ണൂർ സമഗ്ര ടൂറിസം പദ്ധതിയുടെ ഭാഗമായി മുഴിപ്പിലങ്ങാട് ബീച്ചിൽ ലൈറ്റിംഗ്, കഫറ്റേറിയ, കംഫർട്ട് സ്റ്റേഷൻ, ഇരിപ്പിടങ്ങൾ മറ്റ് സൗന്ദര്യ വത്കരണ പ്രവർത്തികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. നോർത്ത് ബീച്ചിൽ ചിൽഡ്രൻസ് പാർക്ക് മെച്ചപ്പെടുത്തുന്നതിന്റെ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) സാമൂഹ്യ വിരുദ്ധരുടെ ശല്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടുതൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കുന്ന കാര്യം ബീച്ചിന്റെ വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകുമ്പോൾ പരിശോധിക്കുന്നതാണ്.

(ഡി) ബീച്ചിൽ ഡി.ടി.പി.സി. ഏർപ്പെടുത്തിയിട്ടുള്ള എയ്ഡ്പോസ്റ്റിൽ പോലീസിന്റെ സേവനം ലഭ്യമാണ്.

ധർമ്മടം ടൂറിസം പദ്ധതി

22 [1800] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ധർമ്മടം തുരുത്ത് വിനോദസഞ്ചാരത്തിനായി ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടൂറിസം പദ്ധതിയോടനുബന്ധിച്ച് നടത്താൻ ഉദ്ദേശിക്കുന്ന വിനോദ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ടൂറിസ്റ്റുകൾക്കാവശ്യമായ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ധർമ്മടം തുരുത്ത് ടൂറിസം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ബി ആന്റ് സി) പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാത്ത ടൂറിസം പദ്ധതികൾക്ക് രൂപം നൽകാൻ ഡി.ടി.പി.സി.-യോട് ആവശ്യപ്പെടാവുന്നതാണ്. സ്വകാര്യമേഖലയുടെ പങ്കാളിത്തവും പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly